15

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.39 09.06.2014 ലെ മറുപടിയ്ക്ക്

<u>മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ ചെലവ്</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കലിനുമായി ഏതെല്ലാം വകുപ്പുകൾ വഴി എന്ത് തുക നാളിതുവരെ ചെലവായിട്ടുണ്ട്; (ബി) ഓരോ വസതിയിലും എത്ര തവണ അറ്റകുറ്റപ്പണിയും മോടിപിടിപ്പിക്കലും നടത്തിയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളിൽ അറ്റകുറ്റപ്പണികൾക്കായി ചെലവായ തുകയുടെ വിവരം അനുബന്ധം-A ആയും മോടിപിടിപ്പിക്കലിനായി ചെലവായ തുകയുടെ വിവരം അനുബന്ധം - B ആയും ചേർത്തിട്ടുണ്ട്. |
| (സി) ഔദ്യോഗിക വസതിക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ നടത്തിയ വർക്കുകളുടെയും വാങ്ങിയ സാധനങ്ങളുടെയും ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | ചീഫ് വിപ്പിന്റെ ഔദ്യോഗിക വസതിക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾക്കായി 1,24,308/- രൂപ ചെലവഴിച്ചിട്ടുണ്ട്. സിവിൽ അറ്റകുറ്റപ്പണികൾ ഒന്നും തന്നെ നടത്തിയിട്ടില്ല. മോടി പിടിപ്പിക്കലിനായി വാങ്ങിയ സാധനങ്ങളുടെ ചെലവ് അനുബന്ധം - C ആയി ചേർത്തിട്ടുണ്ട്. |
| (ഡി) ഈ കാലയളവിൽ ഇവർ ഓരോരുത്തർക്കും വേണ്ടി ഓഫീസ്, ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലഫോൺ ചാർജ് ഇനത്തിലും മൊബൈൽ ഫോൺ ചാർജ്ജിനത്തിലും ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | 30.04.2014 വരെയുള്ള കാലയളവിൽ ടെലിഫോൺ ചാർജ്ജിനങ്ങളിൽ ചെലവായ തുകയുടെ വിവരം അനുബന്ധം - D ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്